(3) പിറവം നിയോജക മണ്ഡലത്തിലെ മണിയേട് ഗ്രാമ പഞ്ചായത്തിലെ ജനകീയാസൂത്രണ പദ്ധതി നിർവ്വഹണ ഉദ്യോഗസ്ഥൻ ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. ടി. എം. ജേക്കബ് : സർ, പിറവം നിയോജകമണ്ഡലത്തിലെ മണിയേട് ഗ്രാമപഞ്ചായത്തിൽ 8-3-2000-ത്തിൽ നടന്ന പഞ്ചായത്ത് കമ്മിറ്റി യോഗത്തിൽ ജനകീയാസൂത്രണ അജണ്ട അനുസരിച്ചുള്ള ചർച്ച നടന്നുകൊണ്ടിരിക്കെ യാതൊരു കാരണവുമില്ലാതെ പഞ്ചായത്തിലെ ജനകീയാസൂത്രണ നിർവഹണ ഉദ്യോഗസ്ഥനും ഹോമിയോ മെഡിക്കൽ ആഫീസറുമായ ഡോ. നന്ദകുമാറിനെ പഞ്ചായത്ത് മെമ്പർമാരായ കെ. എസ്. രാജു, ബിജു സൈമൺ, എ. ഡി. ഗോപിനാഥ് എന്നിവർ ചേർന്ന് ക്രൂരമായി മർദ്ദിക്കുകയും ഭീഷണിപ്പെടുത്തുകയും ചെയ്തു. പിറവം പോലീസ് സ്റ്റേഷനിൽ നിന്നും പോലീസ് എത്തിയാണ് ഡോക്ടറെ അവിടെനിന്നും മോചിപ്പിച്ചത്. മണിയേട് ഗ്രാമപഞ്ചായത്തിൽ 1999-2000 ത്തിലെ ജനകീയാസൂത്രണ പദ്ധതിയിൽപ്പെടുത്തി 6-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഹോമിയോ ഡിസ്പെൻസറി കെട്ടിടത്തിന് ചുറ്റുമതിൽ നിർമ്മിക്കുന്നതിന് വേണ്ടി പദ്ധതി വിഹിതത്തിൽ നിന്ന് 50,000 രൂപ മാറ്റിവയ്ക്കുകയും പദ്ധതിക്ക് അംഗീകാരം കിട്ടുകയും ചെയ്തു, പഞ്ചായത്തിന് പദ്ധതി വിഹിതമായ ആദ്യഗഡു 1999 ആഗസ്റ്റ് മാസത്തിൽ കിട്ടിയപ്പോൾ പ്രസ്തുത വർക്കിനുവേണ്ടി തുക മാറ്റിവച്ചു. 1999 നവംബർ 15-ാം തീയതി പ്രസ്തുത വർക്കിന്റെ ഗുണഭോക്തൃ സമിതി രൂപീകരിക്കുന്നതിന് പഞ്ചായത്തിൽ നിന്ന് ഒരു നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്തു. എന്നാൽ വാർഡ് മെമ്പർമാരുടെ അസൗകര്യംമൂലം യോഗം മാറ്റിവച്ചു. തുടർന്ന് പല കമ്മിറ്റികളും വിളിച്ചുകൂട്ടിയിട്ടും വാർഡ് മെമ്പർമാരുടെ അസൗകര്യാർത്ഥം യോഗം മാറ്റിവയ്ക്കുകയാണുണ്ടായത്. ഏറ്റവുമൊടുവിൽ ഫെബ്രുവരി 15-ാം തീയതി വാർഡ് മെമ്പർ കെ. എസ്. രാജു മെഡിക്കൽ ഓഫീസർവരെ അറിയിക്കാതെ ഒരു രഹസ്യയോഗം ചേർന്ന് കമ്മിറ്റി രൂപീകരിച്ചു. തുടർന്നുവന്ന പഞ്ചായത്ത് കമ്മിറ്റിയിൽ പ്രസ്തുത സംഭവം ചർച്ചയ്ക്കു വരികയും യോഗത്തിലുണ്ടായിരുന്ന മെഡിക്കൽ ആഫീസർ നിർമ്മാണകമ്മിറ്റി രൂപീകരിക്കണമെന്നുള്ള വിവരം കമ്മിറ്റിയെ അറിയിക്കുകയും ചെയ്തു. ഇതാണ് മർദ്ദനത്തിനുണ്ടായ കാരണം. ഇതുമൂലം മറ്റു നിർവ്വഹണ ഉദ്യോഗസ്ഥൻമാർ ഇതിന് തീരുമാനമുണ്ടാകാതെ തുടർന്നുള്ള പഞ്ചായത്ത് പ്രവർത്തനങ്ങളിൽ സഹകരിക്കുകയില്ലായെന്ന് രേഖാമൂലം അറിയിച്ചിരിക്കുകയാണ്. ഈ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു ദിവസങ്ങൾ മാത്രം ബാക്കി നിൽക്കെ പഞ്ചായത്തിന്റെ പദ്ധതി വിഹിതം ലാപ്സാകുന്നതിനുള്ള സാഹചര്യം നിലനിൽക്കുകയാണ്. ഈ സംഭവത്തിൽ ഓർഗനൈസേഷൻ ഓഫ് ഗവൺമെന്റ് ഹോമിയോ മെഡിക്കൽ ആഫീസേഴ്സ് സംസ്ഥാന കമ്മിറ്റി പ്രതിഷേധം രേഖപ്പെടുത്തിയിട്ടുണ്ട്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഈ സംഭവത്തിൽ തല്ലുകൊണ്ട ഡോക്ടറെ പ്രതിയാക്കിയാണ് കേസെടുത്തിരിക്കുന്നത്. കമ്മിറ്റി യോഗത്തിൽവച്ച് എല്ലാവരും കാൺകെയാണ് ഡോക്ടറെ മർദ്ദിച്ചത്. തല്ലുകൊണ്ട ഡോക്ടർ, തല്ലിയ ആളെ മർദ്ദിച്ചു എന്നുപറഞ്ഞാണ് കേസ്. വാദി പ്രതിയാകുന്ന സാഹചര്യം നമ്മുടെ രാജ്യത്ത് ഭൂഷണമല്ല. അതുകൊണ്ട് ഈ കാര്യത്തിൽ ഫലപ്രദമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ) : സ്പീക്കർ സർ, 8-3-2000 ത്തിന് എറണാകുളം മണിയേട് ഗ്രാമപഞ്ചായത്ത് ഹാളിൽ ജനകീയാസൂത്രണത്തിന്റെ ഭാഗമായി വെച്ചൂർ സർക്കാർ ഹോമിയോ ആശുപത്രിക്ക് കോമ്പൗണ്ട് വാൾ കെട്ടുന്നതിനുള്ള കമ്മിറ്റിയോഗം നടന്നു. യോഗസ്ഥലത്തു വച്ച് ആ ആശുപത്രിയിലെ ഡോ. നന്ദകുമാറിനെ ചില ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ ദേഹോപദ്രവമേല്പിച്ചതായി വിവരം ലഭിച്ചു. ഇതു സംബന്ധിച്ച് പിറവം പോലീസ് സ്റ്റേഷനിൽ ക്രൈം 44/2000 നമ്പരായി ഒരു കേസ് രജിസ്റ്റർ ചെയ്തു. ഡോക്ടറെ ദേഹോപദ്രവമേല്പിച്ചതായി പറയുന്ന ഗ്രാമപഞ്ചായത്ത് അംഗം ഗോപിനാഥ് പിറവം ആശുപത്രിയിൽ അഡ്മിറ്റായി. ഇതു സംബന്ധിച്ച് പിറവം പോലീസ് സ്റ്റേഷനിൽ ക്രൈം 49/2000 നമ്പരായി മറ്റൊരു കേസും രജിസ്റ്റർ ചെയ്തു. ഡോക്ടറെ ദേഹോപദ്രവമേല്പിച്ച ഗ്രാമപഞ്ചായത്ത് അംഗങ്ങളായ ബിജുസൈമൺ, രാജു എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. രണ്ട് കേസുകളിലുമുള്ള അന്വേഷണം നടന്നുവരികയാണ്.

(4) കൊടകര നിയോജകമണ്ഡലത്തിലെ റബ്ബർ മരങ്ങൾ മുറിക്കുകയും അത് ലോറിയിൽ കയറ്റുകയും ചെയ്യുന്ന തൊഴിലാളികളെ പോലീസ് മർദ്ദിച്ച സംഭവം

ശ്രീ. കെ. പി. വിശ്വനാഥൻ : സർ, 15-3-2000-ന് എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട വരന്തരപ്പള്ളി പഞ്ചായത്തിൽ പോലീസ് അവിടത്തെ തൊഴിലാളികളെ മർദ്ദിച്ചതിന്റെ വെളിച്ചത്തിൽ, അതിനുശേഷമുണ്ടായ ചില സംഭവവികാസങ്ങളും അവിടെ നടന്ന കാര്യങ്ങളുമാണ് ഞാൻ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അവിടെ കഴിഞ്ഞ പത്തുമുപ്പതു വർഷങ്ങളായി നില നിൽക്കുന്ന ഒരു തൊഴിലാണ് മരംമുറി. പ്രത്യേകിച്ച് റബ്ബർ മരങ്ങൾ ധാരാളമുള്ള പ്രദേശത്ത് അവ പ്രായമാകുന്നതോടുകൂടി വെട്ടിമാറ്റുകയും പുനർകൃഷി നടത്തുകയും ചെയ്യുന്ന സമ്പ്രദായമുണ്ട്. സി.ഐ.ടി.യു., എ.ഐ.ടി.യു.സി., ഐ.എൻ.ടി.യു.സി., മറ്റു സ്വതന്ത്ര യൂണിയനുകളിലും പെട്ട 500-ഓളം തൊഴിലാളികൾ മരം മുറിക്കലിലും മരം കയറ്റി കൊടുക്കുന്ന തൊഴിലിലും ഏർപ്പെട്ടിരിക്കുകയാണ്. ഈ അടുത്തകാലത്ത് കയ്ലോൺ ആഗ്രോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനം 25,000 വരുന്ന റബ്ബർ മരങ്ങൾ മുറിച്ചുമാറ്റുന്നതിനും കൊണ്ടുപോകുന്നതിനുമുള്ള കരാറെടുത്തു. ഈ തൊഴിലാളികളുമായി ചില തൊഴിൽത്തർക്കങ്ങളും (കൂലിസംബന്ധിച്ച്) നിലനിൽക്കുന്നുണ്ട്. ആ തർക്കങ്ങൾ പരിഹരിക്കുന്നതിന് ഡിസ്ട്രിക്ട് ലേബർ ആഫീസിൽ വച്ച് ചർച്ചയും നടക്കുന്നുണ്ടായിരുന്നു. ആ അവസരത്തിലാണ് കയിലോൺ ആഗ്രോ ഇൻഡസ്ട്രീസ് എന്ന സ്ഥാപനത്തിന്റെ ഉടമ കൊല്ലം കരീം എന്ന വ്യക്തി ഹൈക്കോടതിയെ സമീപിച്ച് യന്ത്രം ഉപയോഗിച്ച് മരം മുറിക്കുന്നതിനുള്ള അനുവാദം സമ്പാദിച്ചത്. അപ്രകാരം മരം മുറിക്കൽ നടത്തുന്നതിന് പോലീസ് സംരക്ഷണം നൽകി. അതിന്റെയടിസ്ഥാനത്തിൽ ഏകദേശം 140-ഓളം വരുന്ന മരം മുറിക്കുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുകയുണ്ടായി. അത് പുനഃസ്ഥാപിച്ചു കിട്ടുന്നതിനുവേണ്ടി അവർ ലേബർ ആഫീസറെ സമീപിക്കുകയും ചെയ്തു. അതേസമയം പോലീസ്, ഹൈക്കോടതിയുടെ സംരക്ഷണം ഉണ്ടെന്നുള്ള ഒറ്റ

LIBRARY ARCHIVES Kerala Legislative Assembly